പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3384 — 20.06.2018-ൽ മറുപടിയ്ക്ക്

**കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത തീരദേശ പരിപാലന ചട്ടം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഹൈബി ഈഡൻ** | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) കേന്ദ്രസർക്കാർ 2017-ൽ വിജ്ഞാപനം ചെയ്ത തീരദേശ പരിപാലന ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന സർക്കാർ മറൈൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; | (എ) കേന്ദ്രസർക്കാർ 18.04.2018 നാണ് കരട് തീരദേശ പരിപാലന വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംസ്ഥാന സർക്കാർ കേന്ദ്രവനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. കരട് വിജ്ഞാപനത്തിന് കേന്ദ്ര സർക്കാർ നാളിതുവരെയും അന്തിമരൂപം നൽകിയിട്ടില്ല. കരട് വിജ്ഞാപന പ്രകാരം, മറൈൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) ആണ്. കരട് വിജ്ഞാപനത്തിന് കേന്ദ്രസർക്കാർ അന്തിമരൂപം നൽകിയതിന് ശേഷം നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് പ്രസ്തുത പ്ലാൻ തയ്യാറാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | മേൽപ്പറയുന്ന വിജ്ഞാപനത്തിൽ, സംസ്ഥാന/കേന്ദ്രസർക്കാരുകൾക്ക് ആവശ്യമായ പക്ഷം ജനസാന്ദ്രതയുള്ള പ്രദേശങ്ങളെ മറൈൻ കോസ്റ്റൽ റെഗുലേഷൻ സോൺII വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന് പറയുന്നെങ്കിലും, കേരളത്തെ പോലെ സ്ഥല പരിമിതിയും കൂടിയ ജനസാന്ദ്രതയും ഉള്ള സംസ്ഥാനം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത് വികസന സാദ്ധ്യത ഇല്ലാതാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) & (സി) | കരട് തീരദേശ പരിപാലന നിയന്ത്രണ വിജ്ഞാപനത്തെ സംബന്ധിച്ചുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളിൽ ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | മേൽപ്പറയുന്ന ചട്ടപ്രകാരം ദ്വീപുകളുടെ കാര്യത്തിൽ തീരത്ത് നിന്ന് പാലിക്കേണ്ട അകലം 20 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ